# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1321 13/06/2014 ൽ മറുപടിക്ക്

### മിഷൻ 676 ൽ ഗ്രാമീണ മേഖലയിലെ വികസന മുന്നേറ്റം പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ:<br>" സണ്ണി ജോസഫ്:<br>" എം. പി. വിൻസെന്റ്:<br>" റ്റി. എൻ. പ്രതാപൻ: | | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും<br>വകുപ്പു മന്ത്രി) |
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ വികസന മുന്നേറ്റത്തിന്പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കുനുദ്ദേശിക്കുന്നതെന്നും; വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | 1) അടുത്ത രണ്ടുവർഷങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി 2000 ഭവന രഹിതരായ പട്ടികവർഗ്ഗക്കാരായ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി തയ്യാറാക്കൽ<br><br>2) സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ 31/03/2012 ന് മുൻപായി എഗ്രിമെന്റ് വച്ച് ഇനിയും ഭവനം പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കൽ<br><br>3) പഞ്ചായത്ത് വകുപ്പ് മുഖേന ചെറുതും വലുതുമായ ഖരമാലിന്യ സംസ്കരണ യൂണിറ്റ് 800 ഗ്രാമ പഞ്ചായത്തുകളിൽ തുടങ്ങുന്നതാണ്.<br><br>4) ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ അറവുശാലകൾ ആരംഭിക്കുന്നതാണ്. |

5) തിരഞ്ഞെടുക്കപ്പെട്ട നാല് ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ ശുചിത്വ ഗ്രാമം പ്രോജക്ട് തുടങ്ങുന്നതാണ്.

6) അഞ്ച് ഗ്രാമ പഞ്ചായത്തു കളിൽ മാതൃകാ ഗ്യാസ് ശ്മശാനങ്ങൾ തുടങ്ങുന്നതാണ്.

7) 178 ഗ്രാമ പഞ്ചായത്തുകളിൽ ഉള്ള സ്കൂളുകളിലും വാണിജ്യ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതാണ്.

8) കുടുംബശ്രീയുമായി ചേർന്ന് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഏറ്റെടുത്ത് കൃഷി ചെയ്യാവുന്ന ഭൂമിയിൽ ഭൂവുടമ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ എന്നിവയുടെ ത്രികക്ഷി കരാറിലൂടെ പാട്ട കൃഷി ചെയ്യുന്നതി നുള്ള സംവിധാനം പഞ്ചായത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതാണ്.

PMGSY

9) പണി പുരോഗതിയിലുള്ള 61 റോഡുകൾ (150 കി.മീ) 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും. PMGSY-II ൽ 570 കി.മീ റോഡിന്റെ ഡി.പി.ആർ 100 ദിവസത്തിനകം പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങും.

10) മൊത്തം 548 റോഡുകൾ (1308 കി.മീ) 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കും. PMGSY-II ൽ ആകെ ലഭിക്കുന്ന പ്രോജക്ടിലെ റോഡുപണി 676 ദിവസത്തിനകം പൂർത്തിയാക്കും.

MGNREGS

11) ജലസംരക്ഷണം നീർത്തട പരിപാലനം, സൂക്ഷ്മ ചെറുകിട ജലസേചനം, മരംവച്ചു പിടിപ്പിക്കൽ, ഭൂവികസനം, മൃഗസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ 100 ദിവസത്തിനുള്ളിൽ 8.8 ലക്ഷം തൊഴിൽ ദിനങ്ങളും 676 ദിവസത്തിനുള്ളിൽ 1400 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും.

| | | | |
|---|---|---|---|
| | | | 12) 500 ഗ്രാമ പഞ്ചായത്തിലും 100 ബ്ലോക്കു പഞ്ചായത്തിലും രാജീവ് ഗാന്ധി സേവാ കേന്ദ്ര ത്തിന്റെ പണി പൂർത്തിയാക്കും.<br>13) ഗ്രാമ പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ഒരു ഗ്രാമ പഞ്ചായത്തിന് ശരാശരി 100 മഴക്കുഴി വീതം ആകെ സംസ്ഥാനത്ത് 1 ലക്ഷം മഴക്കുഴികൾ നിർമ്മിച്ചു ഭൂഗർഭ ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതി 676 ദിവസം കൊണ്ടു പൂർത്തിയാക്കും.<br>IAY<br>14) 100 ദിവസ കാലയളവിൽ 10000 വീടുകളും 676 ദിവസ കാലയളവിൽ 1 ലക്ഷം വീടുകളും പൂർത്തീകരിക്കുന്നതാണ്.<br>BLOCK PANCHAYAT BUILDING<br>15) പുതുതായി അനുവദിച്ച കാറഡുക്ക, പരപ്പ, കല്യാശ്ശേരി, പാനൂർ, പനമരം, കാളികാവ് ബ്ലോക്കുകളിൽ 2 കോടി രൂപ വീതം ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം 676 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | നിലവിലുള്ള പദ്ധതികൾ പൂർത്തീ കരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഗ്രാമ വികസന കമ്മീഷണർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. ഇതിനുപുറമെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനായും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ